

# നോമ്പ് ഒന്നാം ബുധൻ – മത്താ 6: 5–8

ദൈവത്തോട് എപ്രകാരം നമ്മൾ പ്രാർത്ഥിക്കണമെന്ന് വ്യക്തമാക്കുന്നതാണ് മത്തായിയുടെ സുവിശേഷത്തിലെ 6-ാം അദ്ധ്യായം 5 മുതൽ 8 വരെയുള്ള വാക്യങ്ങൾ. നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽക്കടന്ന് കതകടച്ച് അദൃശ്യനായ പിതാവിനോട് പ്രാർത്ഥിക്കണമെന്നാണ് ഈശോ പഠിപ്പിക്കുന്നത്. എന്തിനെയാണ് ഈ കതക് സൂചിപ്പിക്കുന്നത്. ഇത് ഏതെങ്കിലും ഒരു വീടിന്റെ കതകല്ല, മറിച്ച് നമ്മുടെ അധരങ്ങൾ തന്നെയാണ്. നമ്മുടെ ശരീരമാകുന്ന ദേവാലയത്തിലെ അധരമാകുന്ന കതകുകൾ അടച്ച് നമ്മൾ പ്രാർത്ഥിക്കണമെന്ന് പൗരസ്ത്യപിതാവായ അഫ്രാത്ത് പ്രാർത്ഥന എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു.

ആരവങ്ങളും ആർപ്പുവിളികളും ഒഴിവാക്കി ശാന്തമായി ദൈവത്തോട് പ്രാർത്ഥിക്കുക. ചുങ്കക്കാരന്റെ എളിയമനോഭാവത്തോടും ധൂർത്തപുത്രന്റെ അനുതാപത്തോടും പാപിനിയുടെ ഹൃദയവിശുദ്ധിയോടുംകൂടെ ദൈവസന്നിധിയിൽ അണയുക. ഹൃദയവിശുദ്ധിയില്ലാതെ നീ എത്രമാത്രം ഉച്ചത്തിൽ പ്രാർത്ഥിച്ചാലും ദൈവം നിന്റെ പ്രാർത്ഥന കേൾക്കുകയില്ലെന്ന് ഏശയ്യാ പ്രവാചകൻ പ്രസ്താവിക്കുന്നു.

സ്നേഹമുള്ളവരെ, നമ്മുടെ പ്രാർത്ഥനാശൈലികളെ നമുക്ക് മെച്ചപ്പെടുത്താം. എളിമയോടും അനുതാപത്തോടും ഹൃദയവിശുദ്ധിയോടുംകൂടി ദൈവസന്നിധിയിലണയാം. നമ്മുടെ ഹൃദയവിചാരങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം.

അരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ്,കാക്കനാട്